ഇവിടെ ലോറികളിലാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്. അഞ്ച് ഡാമുണ്ടായിട്ട് നാട്ടിലും കേരള സംസ്ഥാനത്തിനുപുറത്ത് തമിഴ്നാടുൾപ്പെടെ ജലസേചനത്തിനും കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി ഈ ഡാമുകളിലെ വെള്ളം ഉപയോഗിക്കുമ്പോൾ, ഈ ഡാമുകൾ നിലനിൽക്കുന്ന പഞ്ചായത്തിലെ ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നില്ല. ഇപ്പോൾ കടുത്ത വരൾച്ചയായിരുന്നപ്പോൾ, ഈ അടുത്ത ദിവസങ്ങളിൽ മഴ പെയ്തതിന്റെ ചെറിയ ആശ്വാസമുണ്ടെങ്കിലും രൂക്ഷമായ കുടിവെള്ളക്ഷാമമനുഭവപ്പെടുന്ന ഈ പഞ്ചായത്തിൽ ചുള്ളിയാർ ഡാം സ്രോതസ്സ് ആക്കി ഒരു സമഗ്ര കുടിവെള്ള പദ്ധതി ആരംഭിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ചുള്ളിയാർ ഡാമിലേക്ക് വെള്ളം എത്തിക്കുന്നതിനുവേണ്ടി പലകപാണ്ടി മിനി ഡൈവേർഷൻ സ്കീം ഇപ്പോൾ ഏതാണ്ട് പൂർത്തീകരിച്ച് വെള്ളം ഡാമിലേക്ക് ഇറങ്ങിത്തുടങ്ങിയതുകാരണം ആവശ്യത്തിനുവെള്ളം കിട്ടും. അതുകൊണ്ട് ഒരു സമഗ്ര കുടിവെള്ളപദ്ധതി ആവിഷ്ക്കരിച്ച് മുതലമട ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ ശുദ്ധജലം എത്തിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. പലകപാണ്ടി പദ്ധതി ഇപ്പോൾ പൂർത്തീകരിച്ചിരിക്കുകയാണ്. അതിന്റെ കുറച്ച് പണികൾ കൂടി ശേഷിക്കുന്നുണ്ട്. ആ പണിയും കൂടി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിൽപ്പെട്ട ഗ്രാമപഞ്ചായത്താണ് മുതലമട. ഈ പഞ്ചായത്തിൽ മീങ്കര ഡാം ഉറവിടമാക്കിക്കൊണ്ട് മീങ്കര ജംഗ്ഷൻ മുതൽ മുതലമട പഞ്ചായത്തിന്റെ അതിർത്തിയായ മാൻഞ്ചിറവരെ മെയിൻറോഡിൽ പ്രധാന പൈപ്പുകൾ സ്ഥാപിച്ച് ജലവിതരണം നടത്തി വരുന്നു. എന്നാൽ വേനൽക്കാലത്ത് മീങ്കര ഡാമിൽ വേണ്ടത്ര വെള്ളമില്ലെന്നു മാത്രമല്ല ഗ്രാമപഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽ ഈ പദ്ധതി കൊണ്ട് ഗുണം കിട്ടുന്നുമില്ല. ആയതുകൊണ്ട് ചുള്ളിയാർ ഡാമിൽ പലകപാണ്ടി പദ്ധതിയിൽ നിന്നും ആവശ്യത്തിന് വെള്ളം ലഭിക്കുമെന്ന കാര്യം പരിശോധിച്ചുവരികയാണ്. മുതലമട പഞ്ചായത്തിൽ മുഴുവനായും കൊല്ലങ്കോട് പഞ്ചായത്തിന്റെ ഒരു ഭാഗവുമുൾപ്പെടുത്തി ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കുന്ന കാര്യം സർവ്വേ നടത്തി രൂപകൽപ്പന ചെയ്യുന്നതാണ്. പദ്ധതിക്കാവശ്യമായ സ്ഥലങ്ങൾ കൂടി ലഭിക്കേണ്ടതുണ്ട്. പലകപാണ്ടി പദ്ധതി ഏറ്റവും വേഗം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

14. ഡി. ഐ. പൈപ്പ് സ്ഥാപിക്കൽ

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, അടൂർ നിയോജകമണ്ഡലത്തിലെ പ്രധാന ശുദ്ധജല വിതരണ പദ്ധതിയായ അടൂർ ശുദ്ധജലവിതരണ പദ്ധതിയുടെ പരിധി അടൂർ മുനിസിപ്പാലിറ്റിയും സമീപത്തുള്ള 5 പഞ്ചായത്തുകളും ഉൾപ്പെട്ട വിസ്തൃത പ്രദേശമാണ്. ഈ പദ്ധതിക്ക് 25 വർഷം മുമ്പ് ഉപയോഗ യോഗ്യമാക്കിയിട്ടുള്ള കാലഹരണപ്പെട്ട എ.സി (ആസ്ബസ്റ്റോസ് സിമന്റ്) പൈപ്പുകൾ നിരന്തരമായി പൊട്ടിപ്പോകുന്ന ദുഃസ്ഥിതി ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജലസേചന വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പമ്പ് ഹൗസിൽ നിന്നും പ്ലാന്റിലേക്കുള്ള പമ്പിംഗ് മെയിനുൾപ്പെടെ സർവീസ് ഏരിയയിലാകെ പഴയ എ. സി പൈപ്പുകൾ നിരന്തരം പൊട്ടിക്കൊണ്ടിരിക്കുകയാണ്. ഈയിടെയായി അടൂർ ടൗണിലും കെ. പി. റോഡിന്റെ വിവിധ ഭാഗങ്ങളിലും 20 പ്രാവശ്യത്തിലധികം പൈപ്പുകൾ പൊട്ടുകയുണ്ടായി. ഈ പൊട്ടലിൽ പമ്പിംഗ് പ്രഷർ കാരണം വലിയ വ്യാസമുള്ള പ്രധാന പൈപ്പുകളിൽനിന്നും ജലം ടാറിംഗ്പോലും തകർത്ത് അഞ്ചര മീറ്ററോളം ഉയർന്ന് ഭയാനകമായ അന്തരീക്ഷം സൃഷ്ടിക്കുകയാണ്. ഇതുമൂലം കാൽനട യാത്രക്കാരും ചെറുവാഹനങ്ങളും ശക്തമായ വെള്ളപ്പാച്ചിലിൽ എടുത്തെറിയപ്പെടുകയാണ്. ജല മൈനുകളായ പഴയ എ.സി പൈപ്പുകൾ കെ. പി. റോഡിന്റെ മധ്യഭാഗത്തുകൂടി കുഴിച്ചിട്ടിരിക്കുകയാണ്. അപകടഭീഷണി സൃഷ്ടിക്കുന്ന ഈ സാഹചര്യം അടിയന്തരമായി പരിഹരിക്കുന്നതിന് പഴയ എ.സി. പൈപ്പുകൾ മാറ്റി പകരം പുതിയ ഡി.ഐ. (ഡക്ടൈൽ അയൺ) പൈപ്പുകൾ ഉപയോഗിക്കുന്നതിനായി 45 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ അങ്ങയുടെ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് അനുവദിച്ചുതരുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് ഭയാനകമായ അന്തരീക്ഷം ഒഴിവാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, പത്തനംതിട്ട ജില്ലയിൽ നിലവിലുള്ള അടൂർ ശുദ്ധജല വിതരണ പദ്ധതിയിൽ അടൂർ മുനിസിപ്പാലിറ്റിയും അതിനോട് ചേർന്നുകിടക്കുന്ന പഞ്ചായത്തുകളായ എഴംകുളം, പട്ടാഴി, വടക്കേക്കര, ഏനാദിമംഗലം, പള്ളിക്കൽ എന്നീ പ്രദേശങ്ങളും ഉൾപ്പെട്ടതാണ്. 1994-ൽ സ്ഥാപിതമായ ഈ പദ്ധതിയിലെ പ്രധാന പൈപ്പ് ലൈനുകളെല്ലാം എ.സി. പൈപ്പുകളാണ്. കാലപ്പഴക്കംകൊണ്ടും ജലത്തിന്റെ ഉയർന്ന മർദ്ദംമൂലവും പൈപ്പുകൾ അടിക്കടി പൊട്ടിപ്പോകുന്നത് ഈ പദ്ധതിയിലൂടെയുള്ള ജലവിതരണത്തെയും റോഡുകളുടെ തകർച്ചയെയും ബാധിക്കാറുണ്ട്. പ്രധാന പൈപ്പുലൈനുകൾ സ്ഥാപിച്ചിട്ടുള്ളത് പുനലൂർ കായംകുളം റോഡിൽ പഴവിളെ മുതൽ ഏഴംകുളം വരെയുള്ള ഭാഗത്തും പത്തനംതിട്ട-ഏഴംകുളം റോഡിൽ കൈപ്പട്ടൂർ മുതൽ ഏഴംകുളം വരെയുമാണ്. ടി റോഡുകളിൽ പുനലൂർ കായംകുളം-റോഡ് അടുത്ത കാലത്തായി പൊതുമരാമത്ത് വകുപ്പ് പുനരുദ്ധാരണത്തിന്റെ ഭാഗമായി ബി.എം.&ബി.സി ടാറിംഗ് നടത്തുകയും വശങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തതിനാൽ നിലവിലുള്ള പൈപ്പ് ലൈനുകളിൽ ഭൂരിഭാഗവും ടാറിംഗിനുള്ളിലായിട്ടാണ് വന്നിരിക്കുന്നത്. ഈ ഭാഗങ്ങളിൽ അടിക്കടിയുണ്ടാകുന്ന ലീക്കുകൾ ജലവിതരണം തടസപ്പെടുത്തുന്നതിനും റോഡിന്റെ തകർച്ചയ്ക്കും തന്മൂലം ജനപ്രതിനിധികളുടെയും തദ്ദേശവാസികളുടെയും സംഘടനകളുടെയും എതിർപ്പിന് കാരണമാകുന്നു. മഹത്തായ ഈ പദ്ധതിയിലെ പ്രധാനകുഴലിൽ ഉണ്ടായിരിക്കുന്ന ലീക്ക് പരിഹരിച്ചാൽത്തന്നെയും വിതരണം സാധാരണ നിലയിൽ പുനഃസ്ഥാപിക്കുന്നതിന് ആഴ്ചകൾ വേണ്ടിവരും. അടൂർ ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി നിലവിലെ എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ., പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുന്നതിലേക്ക് 45 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി പ്രവൃത്തി ഏറ്റെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.